LIBRARY ARCHIVES Kerala Legislative Assembly

സൈക്കിൾ വില്പനയിൽ നിന്നുള്ള നികുതി വരുമാനം

188 (533) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രതിവർഷം എത്ര സൈക്കിളുകൾ വിറ്റഴിക്കപ്പെടുന്നുണ്ട് ; മുൻവർഷങ്ങളിലെ ഈ ഇനത്തിലുള്ള നികുതി വരുമാനം എത്രയായിരുന്നുവെന്ന വെളിപ്പെടുത്താമോ ;

(ബി) സൈക്കിൾ വില്പനയിൽ ഏർപ്പെട്ട വ്യാപാര സ്ഥാപനങ്ങൾ എത്ര ; ഉപഭോക്താക്കളിൽനിന്ന് നികുതി ഈടാക്കുകയും ബില്ലുകളിൽ കൃത്രിമംകാട്ടി നികുതി വെട്ടിപ്പ് നടത്തുകയും ചെയ്തതിന്റെ പേരിൽ എത്ര വ്യാപാരികൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(സി) യഥാർത്ഥത്തിൽ വിറ്റഴിക്കപ്പെടുന്ന സൈക്കിളുകളുടെ എണ്ണത്തിനനുസൃതമായി നികുതി വരുമാനം ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മുൻ വർഷത്തെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പ്രതിവർഷം ഏകദേശം 494206 സൈക്കിളുകൾ വിറ്റഴിക്കപ്പെടുന്നുണ്ട്.

ഈ ഇനത്തിൽ 2014-15 സാമ്പത്തിക വർഷം 20.47 കോടി രൂപ നികുതി ഇനത്തിൽ ലഭിച്ചു.

(ബി) സംസ്ഥാനത്ത് 336 വ്യാപാര സ്ഥാപനങ്ങൾ സൈക്കിൾ വില്പനയിൽ ഏർപ്പെട്ടിട്ടുണ്ട്.

ഉപഭോക്താക്കളിൽനിന്ന് നികുതി ഈടാക്കുകയും ബില്ലുകളിൽ കൃത്രിമം കാട്ടി നികുതി വെട്ടിപ്പ് നടത്തുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നികുതി വെട്ടിപ്പ് തടയുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ചരക്ക്സേവന നികുതി നേട്ടവും നഷ്ടവും

189 (534) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചരക്ക് സേവന നികുതി (ജി.എസ്.ടി.) നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങളെയും കോട്ടങ്ങളെയുംക്കുറിച്ച് ധനകാര്യവകുപ്പ് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) നിലവിലുള്ള നികുതികളുടെയും നികുതി നിരക്കുകളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിലുണ്ടാകുന്ന അവസ്ഥ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) സംസ്ഥാന സർക്കാരുകൾക്ക്, അടിസ്ഥാന ചരക്ക് സേവന നികുതി നിരക്കിൽ എത്ര ശതമാനം വരെ വർദ്ധനവരുത്താൻ സ്വാതന്ത്ര്യമുണ്ട് ; വിശദമാക്കാമോ ;

(ഡി) സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ കുറവ് നേരിട്ടാൽ അത് എത്ര വർഷം എന്നു മുതൽ കേന്ദ്രം നൽകും ?

ഉത്തരം

(എ) ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനത്തു നികുതി ലഭ്യമാകുന്ന നികുതി സമ്പ്രദായമായതിനാൽ പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഗുണകരമായി ഭവിക്കാനാണ് സാധ്യത. പുറമേ സേവനങ്ങളിലും നികുതി ഈടാക്കാനുള്ള അധികാരം സംസ്ഥാനങ്ങൾക്കു ലഭ്യമാകും. ഇപ്പോൾ ഇതുനടപ്പിലാക്കുന്നതിനുള്ള ഭരണഘടനാ ഭേദഗതി ബില്ലിന്റെ ചർച്ച നടന്നു വരുന്നതേയുള്ളൂ. ആയതിനാൽ വ്യക്തമായ ഒരു ധാരണ ഉരുത്തിരിഞ്ഞിട്ടില്ലാത്തതിനാൽ ഈ ഘട്ടത്തിൽ അനന്തരഫലങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടില്ല.

(ബി) ചരക്കുസേവന നികുതി നടപ്പിലാക്കുമ്പോൾ സംസ്ഥാനം നിലവിൽ നടപ്പിലാക്കുന്ന നികുതികളായ വാറ്റ്, ആഡംബര നികുതി, സി.എസ്.റ്റി., പ്രവേശന നികുതി, സർചാർജ്ജ്, സെസ്സ്, ലോട്ടറി നികുതി തുടങ്ങിയ നികുതികൾ അതിൽ ലയിക്കും. ഇതുപരിഗണിച്ച് സംസ്ഥാനങ്ങൾക്ക് നികുതി നഷ്ടമുണ്ടാകാതെയുള്ള റവന്യൂ ന്യൂട്രൽ റേറ്റ് എത്രയായിരിക്കണം എന്നുള്ളതിനെപ്പറ്റിയുള്ള ചർച്ച നടന്നുവരുന്നതേയുള്ളൂ. State Goods and Service Tax (SGST) rate തിട്ടപ്പെടുത്തിയിട്ടില്ലാത്തതിനാൽ കൂടുതൽ വിശദാംശങ്ങൾ ഈ ഘട്ടത്തിൽ പറയാനാകില്ല.

(സി) ഇതിനെപ്പറ്റിയുള്ള വ്യക്തമായ ധാരണ ഉരുത്തിരിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ കുറവ് നേരിട്ടാൽ 5 വർഷം വരെ കേന്ദ്രഗവൺമെന്റ് നഷ്ടപരിഹാരം നൽകുന്നതാണ്. നിലവിലെ ഭരണഘടനാ ബിൽ പ്രകാരം ആദ്യത്തെ 3 വർഷം 100 ശതമാനവും നാലാം വർഷം 75ശതമാനവും അഞ്ചാം വർഷം 50 ശതമാനവുമാണ് നഷ്ടപരിഹാരം ലഭ്യമാകുന്നത്. ഇതിനെപ്പറ്റിയുള്ള കൂടുതൽ ചർച്ചകൾ സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ ഉന്നതതല സമിതിയിൽ നടന്നുവരികയാണ്.

പെട്രോളിയം ഉല്പന്നങ്ങളുടെ നികുതി നിരക്ക്

190 (535) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെട്രോൾ, ഡീസൽ എന്നിവയ്ക്ക് സംസ്ഥാനം ഇപ്പോൾ ഈടാക്കി വരുന്ന നികുതി നിരക്കുകളെത്ര ;

(ബി) ഇവയുടെ വില വിർദ്ധിക്കുമ്പോഴുണ്ടാകുന്ന അധിക നികുതി ഈടാക്കി വരുന്നുണ്ടോ ; അധിക നികുതി ഈടാക്കില്ലെന്ന നിലപാട് എന്ന് മുതലാണ് നിർത്തലാക്കിയത് ;

(സി) പെട്രോളിനും ഡീസലിനും പുതുതായി സെസ് ഏർപ്പെടുത്തുകയുണ്ടായോ ; ഈ ഇനത്തിൽ പ്രതിവർഷം പ്രതീക്ഷിക്കുന്ന അധികവരുമാനം എത്ര കോടി രൂപയാണ് ;

(ഡി) ക്രൂഡ് ഓയിലിന് അന്താരാഷ്ട്ര മാർക്കറ്റിൽ വില കുറയുമ്പോഴും അതിന്റെ ഗുണഫലം, പെട്രോൾ, ഡീസൽ ഉപഭോക്താക്കൾക്ക് ലഭിക്കാതിരിക്കുന്നത് തിരുത്താൻ തയ്യാറാകുമോ ?

ഉത്തരം

(എ) പെട്രോളിന് ഇപ്പോൾ ഈടാക്കിവരുന്ന നികുതി നിരക്ക് 31.80 ശതമാനവും ഡീസലിന് 24.52 ശതമാനവുമാണ്. ഇവയ്ക്ക് ലിറ്ററിന് ഒരു രൂപ നിരക്കിൽ ASTയും ചുമത്തുന്നുണ്ട്.

(ബി) വിലവർദ്ധനയുടെ തോത് കൂടുതലായിട്ടുള്ള അവസരങ്ങളിൽ റീട്ടെയിൽ വിലയിൽ അനുണ്ടാക്കുന്ന ഭാരം ലഘൂകരിക്കുവാനായി വിലവർദ്ധനവുമൂലം ലഭിക്കുമായിരുന്ന അധിക നികുതി വേണ്ടെന്ന് വച്ചുകൊണ്ട് നികുതി നിരക്ക് കുറച്ച് ക്രമീകരണം നടത്തിയിട്ടുണ്ട്. അതേപോലെ വിലക്കുറവിന്റെ തോത് കൂടുതലായിട്ടുള്ള അവസരങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന റവന്യൂ വരുമാനം നിലനിർത്തുന്നതിനായി നികുതി നിരക്കിൽ വർദ്ധനവും വരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly